## 602

*രീതി: സുരലോക രാജ*

*1* ദൈവമെന്റെ നന്മയോർത്തു ചെയ്‌വതാമീ സർവ്വവുമേ
ദിവ്യകൈകൾ ചെയ്‌വതല്ലാതുർവി തന്നിൽ നന്മയില്ല

2 ഒട്ടനേകം കഷ്ടതകൾ ഏറ്റിടുവാനേശു നാഥൻ
ഇഷ്ടമാകുമെങ്കിലും ഞാൻ ഒട്ടുമേ നിരാശനാകാ

3 പാർത്തലമെൻ സ്വന്തനാടോ പാർത്തിടുവാനൊത്ത വീടോ
അല്ല തെല്ലുമെന്നറിവാനല്ലലെല്ലാം നല്ലതല്ലോ-

4 ശിക്ഷകൾ തന്നിടുമെങ്കിൽ രക്ഷകൻ കൈയുണ്ടതിങ്കൽ
ഇച്ഛപോലെ ചെയ്യുമെങ്കിൽ തുച്ഛമായൊന്നില്ലവകൽ-

5 തേജസ്സിലെൻ വാസമോർത്താലായുസ്സിലിന്നുള്ള ഖേദം
ഹാ! നിസ്സാരമെന്നറിഞ്ഞെന്നായുസ്സെല്ലാം പാടിടും ഞാൻ-

**T.K.S.**